ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകപ്രശ്നം

* 914. [38] ശ്രീ. ആർ. സുഗതൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് ടീച്ചേഴ്സ് ഫെഡറേഷൻ പ്രസിഡൻറ് 1955 ഫെബ്രുവരി 23–ാംതീയതി ഗവണ്മെൻറിലേയ്ക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ആ മെമ്മോറാണ്ടത്തിൽ ഗവണ്മെൻറ് ടീച്ചേഴ്സ് ഫെഡറേഷൻ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയോ ;

(സി) ഉടനടി നിവേദകർക്ക് അവകാശങ്ങൾ അനുവദിക്കാമെന്ന് ചീഫ് മിനിസ്റ്റർ വാഗ്ദാനം ചെയ്തിരുന്നോ ;

(ഡി) അവകാശങ്ങൾ അനുവദിച്ചുകൊടുത്തോ ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ചിലതെല്ലാം നടപ്പാക്കിയിട്ടുണ്ട്. സർവ്വീസ് സ്കീം അദ്ധ്യാപകരുടെ സ്ഥിരപ്പെടുത്തൽ, അവധികാര്യം ഇവ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞു. ടി. അദ്ധ്യാപകരുടെ സന്താനങ്ങൾക്കും ഫീസു സൗജന്യം അനുവദിച്ചിട്ടുണ്ട്. മിഡിൽ സ്കൂളിൽ സർവ്വീസിൽ ഇരിക്കുന്നവരിൽനിന്നു മാത്രമാണ് ഇപ്പോൾ ഹൈസ്കൂളുകളിലേയ്ക്ക് പണ്ഡിറ്റുകളെ പ്രമോട്ടുചെയ്യുന്നതു്. സ്ഥലംമാറ്റക്കാര്യത്തിൽ സർവ്വീസുള്ളവർക്ക് പുതിയ റിക്രൂട്ടുകളേക്കാൾ മുൻഗണന നൽകുന്നുണ്ട്. ഗവണ്മെൻറ് പല വശങ്ങളും പരിഗണിച്ച് ബാക്കി കാര്യങ്ങളും തീരുമാനിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ചിലതെല്ലാം അനുവദിച്ചു. അവ (ബി) ഭാഗം ഉത്തരത്തിൽ പറഞ്ഞതാണ്.

(ഇ) ഗവണ്മെൻറ് പല കാര്യങ്ങളും ഇതു സംബന്ധിച്ച് പഠിച്ചാലോചിച്ച് തീരുമാനിക്കാനുള്ളതാണ്.

കേന്ദ്രഗവണ്മെൻറിൽനിന്നും ഉള്ള ധനസഹായം.

* 915. [39] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 സാമ്പത്തികവർഷത്തിൽ കേന്ദ്രത്തിൽ നിന്നും ഇവിടെ ലഭിച്ചിട്ടുള്ള ധനസഹായം എന്തായിരുന്നു;

(ബി) ഏതെല്ലാം ഇനങ്ങളിൽ ;

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1954–55 സാമ്പത്തികവർഷത്തിൽ കേന്ദ്രത്തിൽ നിന്നും ഈ സ്റ്റേറ്റിന് 7,61,30,972 ക. സാമ്പത്തിക സഹായമായി ലഭിച്ചു.

ഗ്രാൻറ് 3,78,71,668 ക.
കടം 3,82,59,304 ക.

LIBRARY ARCHIVES Kerala Legislative Assembly